പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 4472

04.02.2014 ൽ
മറുപടിക്ക്

## കായൽ കയ്യേറ്റങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.ഇ.പി.ജയരാജൻ :<br>ശ്രീ.എസ്.ശർമ്മ :<br>ശ്രീ.രാജു എബ്രഹാം :<br>ശ്രീ.വി.ചെന്താമരാക്ഷൻ: | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | വൻതോതിൽ കായൽ കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; ഇത് തടയുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരി ച്ചിട്ടുള്ളത് ; | (എ) കായൽ കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റം തടയുന്ന തിന് കേരള ഭൂ സംരക്ഷണ നിയമപ്ര-കാരം നടപടി സ്വീകരിച്ചു വരുന്നു.<br><br>വേമ്പനാട് കായലിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിന് അത്തരം കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് കായൽ അതിർത്തിയിൽ വരുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയി-ട്ടുണ്ട്, കായൽ കയ്യേറ്റം കണ്ടെത്തുന്നതിന് പ്രത്യേക ദൗത്യ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. . |
| (ബി) | കയ്യേറ്റം മൂലം കായൽ വിസ്തൃതി ദിനംപ്രതി കുറഞ്ഞു വരുന്ന കാര്യം അറിവുള്ളതാണോ; | (ബി) കയ്യേറ്റം കാരണം കായൽ വിസ്തൃതി കുറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിന്റെ പരിധിയിൽ കയ്യേറ്റം മൂലം വിസ്തൃതി കുറഞ്ഞത് സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ RSA 575/11 നമ്പർ കേസ് നിലവിലുണ്ട്. |
| (സി) | കായൽ കയ്യേറ്റം സംബന്ധിച്ച് റവന്യൂ വിജിലൻസ് വിഭാഗം പരിശോധന നടത്തുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ; | (സി) കായൽ കയ്യേറ്റം സംബന്ധിച്ച് റവന്യൂ വിജിലൻസ് നിലവിൽ പരിശോധന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കോട്ടയം ജില്ലയിൽ വിജിലൻസ് കോടതി സ്വമേധയാ കേസെടുത്ത് നടപടികൾ തുടർന്നു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കയ്യേറ്റം നടന്ന ചില പ്രദേശങ്ങളിൽ റിസോർട്ടുകൾ പണിതിട്ടുള്ള കാര്യം റവന്യു വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ ) | കുമരകം കായലിൽ നടത്തിയിട്ടുള്ള കയ്യേറ്റങ്ങളും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും സംബന്ധിച്ച് റിപ്പോർട്ടിൽ പരാമർശമുണ്ടോ; എങ്കിൽ ഇതുപ്രകാരം സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഇ ) | വിവരം ശേഖരിച്ചു വരുന്നു. |
| (എഫ്) | കായൽ കയ്യേറി നിർമ്മിച്ച റിസോർട്ടുകൾ പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച് സുപ്രീംകോടതിവിധി എന്തെങ്കിലുമുണ്ടായിരുന്നോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ; | (എഫ്) | ആലപ്പുഴ ജില്ലയിൽ തീരദേശ നിയമം ലംഘിച്ച് നിർമ്മിച്ചിട്ടുള്ള റിസോർട്ടുകൾ പൊളിച്ചു മാറ്റുന്നത് സംബന്ധിച്ച് WP(C )-687/2013 നമ്പരായി ബഹു.സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻപ്രകാരം വിവരം ശേഖരിച്ച് ജില്ലാതലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ജി) | കായൽ കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ പ്രദേശങ്ങൾ തിരിച്ച് പിടിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ ? | (ജി) | തയ്യാറാകും. ശ്രദ്ധയിൽപ്പെട്ട കായൽ കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ പ്രദേശങ്ങൾ തിരിച്ചുപിടിക്കുന്നതിനും കേരള ഭൂ സംരക്ഷണ നിയമപ്രകാരം സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ